**"ഭരണഭാഷ-മാതൃഭാഷ"**

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
തസ്വഭവ - ലോക്കൽ ഇൻഫ്രാസ്ട്രക്ചർ
ഡവലപ്മെന്റ് &എഞ്ചിനീയറിംഗ് വിംഗ്
റവന്യൂ കോംപ്ലക്സ്, മൂന്നാംനില
പബ്ലിക ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം -33

Phone : 0471 – 2324951
0471 – 2325071
Tele Fax : 0471 – 2324951
Email: celsgd@gmail.com
Website : www.celsgd.kerala.gov.in

നം. ഡിബി1/3727/2021/സിഇ/എൽ.ഐ.ഡി&ഇ.ഡബ്ല്യു    തീയതി: 26/02/2021

## പരിപത്രം

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - ലോക്കൽ ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് & എഞ്ചിനീയറിംഗ് വിംഗ് - എസ്റ്റിമേറ്റുകൾക്ക് ഏകീകൃത സ്വഭാവം ഉണ്ടാക്കുന്നത് - സംബന്ധിച്ച്.

സൂചന:- ദക്ഷിണ മേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ 14/01/2020 ന് ചേർന്ന ഏകദിന ശിൽപ്പശാലയുടെ മിനിട്സ്.

*****

വിവിധ ജില്ലകളിലെ എസ്റ്റിമേറ്റുകൾക്ക് ഏകീകൃത സ്വഭാവം ഉണ്ടാക്കുന്നതിനായും എസ്റ്റിമേറ്റ് അംഗീകരിച്ച് ഒബ്സർവ്ഡ് ഡാറ്റാ അംഗീകാരം വാങ്ങുന്നതിനായും റോഡ് പ്രവൃത്തികൾക്ക് MoRD/MoRTH, കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് DSR എന്നിങ്ങനെ ഏകീകൃതമായി സംസ്ഥാനത്താകെ എസ്റ്റിമേറ്റുകൾ തയ്യാറാക്കേണ്ടതായിട്ടുണ്ട്. ആയതിന്റെ പ്രാരംഭഘട്ടമായി 14/01/2020 ൽ സൗത്ത് സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ വച്ച് സംഘടിപ്പിച്ച ഏകദിന ശില്പശാലയുടെ മിനിട്സ്, തയ്യാറാക്കിയ ഒബ്സർവ്ഡ് ഡാറ്റകൾ എന്നിവ സമർപ്പിക്കുകയുണ്ടായി. ഇവ പരിശോധിച്ച് വിഷയ സംബന്ധമായി അഭിപ്രായ രൂപീകരണം നടത്തുന്നതിനും വരുന്ന സാമ്പത്തിക വർഷത്തിനുമുമ്പേ തന്നെ ഉൾപ്പെടുത്തേണ്ട ഒബ്സർവ്ഡ് ഡാറ്റകൾ അംഗീകാരത്തിന് സമർപ്പിക്കുന്നതിനായി ടി മിനിട്സും ഒബ്സർവ്ഡ് ഡാറ്റകളും ചീഫ് എഞ്ചിനീയറുടെ ഔദ്യോഗിക ബ്ലോഗ് ആയ https://celsgdofficial.blogspot.com/ ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആയത് പരിശോധിച്ച് അംഗീകാരം ലഭിക്കേണ്ട ഒബ്സർവ്ഡ് ഡാറ്റകൾ ജില്ലാ തലത്തിൽ ക്രമീകരിച്ച് അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ബ്ലോഗിൽ അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്.

**ചീഫ് എഞ്ചിനീയർ.**

എസ്.കെ/-